പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 151 **26-10-2026-ൽ മറുപടിയ്ക്ക്**

കെ-സ്മാർട്ട് മുഖേന കെട്ടിടനമ്പർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കല്ലട മാഹിൻ

ശ്രീ. സി. കെ. കാസിം

ശ്രീ. ഫൈസൽ ബാബു

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ വസ്തു നികുതി (Property Tax) മോഡ്യൂൾ മുഖേനയാണ് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിക്കുന്നത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ ശേഷം, ഉടമയ്ക്ക് ഒക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിച്ച കഴിഞ്ഞാൽ വസ്തു നികുതി (Property Tax) മൊഡ്യൂൾ മുഖേന സ്വയം നികുതി നിർണ്ണയ ഫോറമായ 'ഫോറം 2'സമർപ്പിക്കേണ്ടതാണ്. നികുതി നിർണ്ണയ ഫോം തദ്ദേശ സ്ഥാപനത്തിൽ പരിശോധന നടത്തി കെട്ടിടത്തിന്റെ വിസ്തൃതി, ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തി കെട്ടിടത്തിനു നമ്പർ അനുവദിച്ചു നൽകുന്നു.

(ബി) കെ-സ്മാർട്ട് വഴി കെട്ടിട നമ്പർ അനുവദിക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

മറുപടി: കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേന കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതികമായ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ 'ഫോം 2' സമർപ്പിക്കുമ്പോൾ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വരുന്ന തെറ്റുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് IKM സാങ്കേതിക സഹായം നൽകുന്നുണ്ട്. ഇത് തദ്ദേശസ്ഥാപന തലത്തിൽ തന്നെ തിരുത്തൽ വരുത്തുന്നതിന് 'തിരുത്തൽ മോഡ്യൂൾ' തയ്യാറാക്കി വരുന്നു.

(സി) കെട്ടിട നമ്പർ അനുവദിക്കുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിക്ക് തുടർ നടപടി സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

മറുപടി: കെ-സ്മാർട്ട് നിലവിൽ വരുന്നതിന് മുൻപ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ ഉണ്ടായ തെറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനായി നഗരസഭകളിൽ LDMS (Legacy Data Management System) സംവിധാനവും, ഗ്രാമപഞ്ചായത്തുകളിൽ സഞ്ചയ സോഫ്റ്റ്വെയറും ലഭ്യമാക്കിയിട്ടുണ്ട്. ഇത് തദ്ദേശ സ്ഥാപന തലത്തിൽ കെ-സ്മാർട്ട് മുഖേന തന്നെ തിരുത്തൽ വരുത്തുന്നതിന് 'തിരുത്തൽ മോഡ്യൂൾ' തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ